# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

Vol. 12, No. 4 December, 2018

Edited & Published by Fr. Sajeesh Mathew Thrikkodanmalil
Bishop's House, Bodhana Pastoral Centre, Hale Jedikatte,
Bhadravathi - 577301, Karnataka

Cover Design : Ajai Elavuthinkal

Printed at : Matha Printers, Bangalore
9886809060

*for private circulation only*

# ഉള്ളടക്കം


സർക്കുലർ........................................................................4

മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ..........................................9

രൂപതാകച്ചേരി വാർത്തകൾ...................................................... 13

മതബോധന – ബൈബിൾ കമ്മീഷൻ ......................................... 18

Commission for Education.......................................................20

Public Relation Office...............................................................22

കുടുംബ പ്രേഷിതത്വം ................................................................ 23

സീറോ മലബാർ മാതൃവേദി ...................................................... 24

മിഷൻ ലീഗ്................................................................................ 26

യുവജന പ്രേഷിതത്വം................................................................ 27

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ................................ 27

Bishop's Diary...........................................................................29

Bishop's Programme.................................................................31

Kannada Section.......................................................................33

# കർണാടക സീറോ–മലബാർ കാത്തോലിക് അസ്സോസിയേഷൻ (KSMCA)

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരെ,

ഇക്കഴിഞ്ഞ സെപ്റ്റംബർ മാസം 29–ാം തീയതി നടന്ന രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ '**കർണാടക സീറോ–മലബാർ കാത്തോലിക് അസ്സോസിയേഷൻ**' (KSMCA) എന്ന അത്മായ സംഘടന ഭദ്രാവതി രൂപതയിലും ആരംഭിക്കുന്നതിനേക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടയി. പ്രസ്തുത ചർച്ചയുടെ വെളിച്ചത്തിൽ, കെ. എസ്. എം. സി. എ. യുടെ പ്രവർത്തനങ്ങൾ നമ്മുടെ രൂപതയിലും ആരംഭിക്കുന്നതിന്ന് തീരുമാനിച്ചിരിക്കുന്നു. കത്തോലിക്കാ വിശ്വാസികൾക്കായി ഒരു സമുദായ സംഘടന എന്ന ആശയത്തിൽനിന്നും കേരളത്തിൽ രൂപമെടുത്ത 'കത്തോലിക്കാ കോൺഗ്രസ്സ്' രൂപീകൃതമായിട്ട് 2018–ൽ നൂറു വർഷങ്ങൾ തികയുകയാണ്. കത്തോലിക്കാ വിശ്വാസികളിൽ സമുദായബോധവും, ഐക്യവും വളർത്തുന്നതിലും, അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതിലും, സമുദായത്തിനു ദിശാബോധം നൽകുന്നതിലുമൊക്കെ സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട് കത്തോലിക്ക കോൺഗ്രസ്. ഇടക്കാലംകൊണ്ട് പ്രവർത്തനം മന്ദീഭവിച്ചുപോയ ഈ സംഘടന, ഇപ്പോൾ നിയമാവലിയും മറ്റും കാലോചിതമായി പരിഷ്കരിച്ച് കേരളത്തിലെ എല്ലാ സീറോ–മലബാർ രൂപതകളിലും, കേരളത്തിനുവെളിയിലും, ഭാരതത്തിനുപുറത്തുമുള്ള സീറോ–മലബാർ വിശ്വാസികളുടെ ഇടയിലും വളരെ സജീവമായി പ്രവർത്തിച്ചുവരുന്നു. അതുപോലെതന്നെ, ലത്തീൻ രൂപതകളിൽ 'കാത്തോലിക് അസ്സോസിയേഷൻ' എന്ന പേരിൽ പ്രാദേശികമായിട്ടും, 'All India Catholic Union' എന്ന പേരിൽ ദേശീയതലത്തിലും അത്മായ സംഘടന പ്രവർത്തിക്കുന്നുണ്ട്. കർണാടകത്തിലെ സീറോ–മലബാർ വിശ്വാസികളുടെ പ്രത്യേക സാഹചര്യങ്ങളും, ഇവിടുത്തെ പ്രാദേശികമായ രാഷ്ട്രീയ, സാമൂഹിക പശ്ചാത്തലവും കണക്കിലെടുത്തുകൊണ്ട്, കർണാടക സീറോ–മലബാർ വിശ്വാസികൾക്ക് സ്വന്തമായും, എന്നാൽ പ്രാദേശികതലത്തിലും, ദേശീയതലത്തിലും കത്തോലിക്ക കോൺഗ്രസ്, 'All India Catholic Union' എന്നിവയുമായി ഒരുമിച്ച് പ്രവർത്തിക്കുന്നതുമായ ഒരു അത്മായ സംഘടന എന്ന ആശയത്തിൽ നിന്നാണ് 'കർണാടക സീറോ–മലബാർ കാത്തോലി

ക് അസ്സോസിയേഷ''ന്റെ ആരംഭം. 2016–ൽ ബെൽത്തംങ്ങടിയിൽ പ്രസ്തുത സംഘടന രൂപീകൃതമാവുകയും, രൂപതയിലെ എല്ലാ ഇടവകകളിലും യൂണിറ്റുകൾ ആരംഭിച്ച് സജീവമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. നമ്മുടെ രൂപതയിലും, കർണാടകത്തിൽ സീറോ–മലബാർ വിശ്വാസികളുള്ള മറ്റ് സ്ഥലങ്ങളിലും, KSMCA രൂപീകൃതമാവുകയും, പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതോടെ, കർണാടക സംസ്ഥാനതലത്തിൽ സീറോ-മലബാർ വിശ്വാസികളുടെ ഏകോപനവും, കൂട്ടായപ്രവർത്തനവും സാധ്യമാക്കുന്ന ഒരു പ്രസ്ഥാനമായി KSMCA രൂപപ്പെടും.

ഇപ്രകാരമൊരു സംഘടനയുടെ സാങ്കത്യത്തെക്കുറിച്ച് തീർച്ചയായും ചോദ്യങ്ങൾ ഉയരാം. ദക്ഷിണേന്ത്യയിലെ ഇതര സംസ്ഥാനങ്ങളെയപേക്ഷിച്ച്, കർണാടകത്തിൽ ക്രൈസ്തവ വിശ്വാസികൾ എണ്ണത്തിൽ വളരെച്ചെറിയൊരു ന്യൂനപക്ഷമാണ്. തിരുസ്സഭാമക്കളെന്ന നിലയിൽ സുവിശേഷമൂല്യങ്ങളിലൂന്നിനമ്മുടെക്രൈസ്തവവിശ്വാസത്തിൽജീവിക്കുവാനും, അതിനു സാക്ഷ്യം വഹിക്കുവാനും നമുക്ക് കഴിയണം. ഒരു ന്യൂനപക്ഷമെന്ന നിലയിൽ തന്നിലേയ്ക്കുതന്നെ ഒതുങ്ങിക്കൂടാനല്ല, മറിച്ച് ചെറിയ അജഗണമെന്ന നിലയിൽ, നാം ജീവിക്കുന്ന, നമുക്കു ചുറ്റുമുള്ള ലോകത്തിന് നന്മയുടെ ഉപ്പും, പ്രകാശവുമായിത്തീരാനാണ് സഭ വിളിയ്ക്കപ്പെട്ടിരിക്കുന്നത്. ആഗോള കത്തോലിക്കാ സഭയിൽ, സീറോ–മലബാർ പാരമ്പര്യത്തിൽപെട്ട ക്രൈസ്തവ വിശ്വാസികളാണ് നാം എന്ന സ്വബോധത്തിൽ വളരുവാനും, ആ ബോധ്യത്തിനനുസരിച്ച് പ്രവർത്തിക്കുവാനും സീറോ–മലബാർ കാത്തോലിക് അസ്സോസിയേഷൻ നമ്മെ സഹായിക്കും. സുവിശേഷമൂല്യങ്ങളെ അടിസ്ഥാനമാക്കി ജീവിച്ചുകൊണ്ട്, സഭയുടെ പ്രബോധനങ്ങൾക്കനുസരിച്ച് ചിന്തിക്കുവാനും, കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുവാനും, സമുദായാംഗങ്ങൾക്ക് ദിശാബോധം നൽകുവാനും ഈ സംഘടന ലക്ഷ്യം വയ്ക്കുന്നു.

സമകാലിക രാഷ്ട്രീയ, സാമൂഹിക സാഹചര്യങ്ങളും KSMCA യുടെ പ്രസക്തിവർദ്ധിപ്പിക്കുന്നു.ഇന്നുനമ്മുടെരാജ്യത്ത്സഭയും,സമുദായവും നേരിടുന്ന വെല്ലുവിളികളും, പ്രശ്നങ്ങളും നിരവധിയാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, സഹിഷ്ണുത, മതേതരത്വം തുടങ്ങിയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു ഭരണഘടനയിൽ അടിസ്ഥിതമായ, ജനാധിപത്യ വ്യവസ്ഥിതി

യാണ് ഭാരതത്തിൽ നിലനിൽക്കുന്നത്. പക്ഷെ, ഇന്നു ഈ മൂല്യങ്ങളെല്ലാം ചോദ്യം ചെയ്യപ്പെടുകയും, ഭരണഘടന തന്നെ ദുർബലമാക്കപ്പെടുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് രാജ്യത്ത് രൂപപ്പെട്ടുവരുന്നത്. വർഗ്ഗീയത യും, മതതീവ്ര നിലപാടുകളും നമ്മുടെ സമൂഹത്തിൽ വൻതോതിൽ ചേരി തിരുവുകളും, അസ്വസ്ഥതയും സൃഷ്ടിക്കുന്ന സാഹചര്യം ഉത്കണ്ഠ യുളവാക്കുന്നതാണ്. മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ, സമാന ചിന്താഗതിക്കാരുമായി കൈകോർത്ത് പ്രവർത്തിക്കുവാനും, സമ്മർദ്ദം ചെലുത്തുവാനും നമുക്കാകണം. യേശുനാഥന്റെ ദർശനങ്ങളിൽ അടിയുറച്ചുനിന്ന്, സൗഹാർദ്ദത്തിന്റെയും, സാഹോദര്യത്തിന്റെയും പ്രവർത്തനശൈലി എക്കാലത്തും നാം പുലർത്തണം. അതോടൊപ്പം, സമുദായത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ പര്യാപ്തമായ ഒരു അത്മായനിരയും, സംഘടനയും വളർന്നുവരണം. എങ്കിൽ മാത്രമേ സഭയുടെ നിയമങ്ങളിലും, അധികാരാവകാശങ്ങളിലും കടന്നുകയറാൻ ശ്രമിക്കുമ്പോഴും, ന്യൂനപക്ഷാവകാശങ്ങൾ ഘനിക്കപ്പെടുമ്പോഴും, വി ദ്യാഭ്യാസ അവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോഴും, അവയെ ഫലപ്ര ദമായി ചെറുക്കുവാൻ നമുക്കു കഴിയു; സഭയ്ക്കും, സമുദായത്തിനും നേരെ ഉയരുന്ന ഭീഷണികളും, വെല്ലുവിളികളും ശരിയായ രീതിയിൽ വി ശകലനം ചെയ്യുവാനും, ഹ്രസ്വകാല–ദീർഘകാല പരിഹാരമാർഗ്ഗങ്ങൾ രൂപപ്പെടുത്തുവാനും, നടപ്പിലാക്കുവാനും കഴിയു.

കൂടാതെ, ഏതാണ്ടു പൂർണമായും കാർഷിക വൃത്തിയിൽ ഏർപ്പെട്ടി രിക്കുന്നവർമാത്രം അംഗങ്ങളായിട്ടുള്ള ഒരു രൂപതാ സമൂഹമാണ് നമ്മുടെത്. കർഷകരനുഭവിക്കുന്ന അവഗണന, വിലക്കുറവ്, വിലസംരക്ഷണത്തിന്റെ അപര്യാപ്തത, പ്രകൃതിക്ഷോഭങ്ങൾക്കിരയായവർക്ക് മതിയായ സംരക്ഷണം ലഭിക്കാത്തത്, കർഷകദ്രോഹ നിയമങ്ങൾ, എന്നിങ്ങനെ കാർഷിക മേഖല അനുഭവിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. കാർഷിക മേലയിലെ പ്രശ്നങ്ങൾ ഏറ്റെടുക്കുവാനും, പുതിയ ഒരു കാർഷിക സംസ്കാരത്തിന് രൂപം കൊടുക്കുവാനും നാം ശ്രമിക്കേണ്ടതുണ്ട്. അതിന് നേതൃത്വം കൊടുക്കുവാൻ KSMCA യ്ക്കു കഴിയണം.

അതോടൊപ്പം, വൈദികർക്കും, സന്യസ്ഥർക്കും കടന്നുചെല്ലുവാൻ പ്രയാസമുള്ള മേഖലകളിൽ കടന്നുചെല്ലുവാനും, ഭൗതീക മണ്ഡലത്തിന്റെ വിശുദ്ധീകരണം സാദ്ധ്യമാക്കുവാനും പരിശ്രമിക്കുന്നതിന് സഭയിലെ

അത്മായ സഹോദരങ്ങൾക്ക് പ്രത്യേക കടമയുണ്ട്. അഴിമതി, മദ്യം, ധൂർത്ത്, ആഡംബരഭ്രമം, തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ ക്രിയാത്മക പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും KSMCA യ്ക്കു കഴിയണം.

നമ്മുടെ സമുദായത്തിൽനിന്നും, സഭാസ്നേഹവും ഒപ്പം രാജ്യസ്നേഹവും, മൂല്യബോധവുമുള്ള രാഷ്ട്രീയനേതാക്കളെ രൂപപ്പെടുത്തുകയും, വളർത്തുകയും ചെയ്യുക എന്നതും ഈ സംഘടനയുടെ ലക്ഷ്യമാണ്. പക്ഷെ, കക്ഷിരാഷ്ട്രീയം സമൂഹത്തിൽ ഭിന്നിപ്പുകൾക്ക് കാരണമാകും എന്നതിനാൽ എല്ലാവിധ കക്ഷിരാഷ്ട്രീയത്തിനും അതീതമായിട്ടായിരിക്കും KSMCA യുടെ പ്രവർത്തനങ്ങൾ. നിസ്വാർഥരും, പക്വമതികളുമായ അത്മായരെ രൂപതയുടെ വിവിധ തലങ്ങളിൽ നേതൃനിരയിലേക്ക് ഉയർത്തിക്കൊണ്ടുവരുവാൻ നമുക്ക് സാധിക്കണം. സഭയുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുവാൻ അവർക്ക് കഴിയണം. സങ്കുചിത രാഷ്ട്രീയത്തിനുപരിയായി, സഭാവിശ്വാസങ്ങൾക്കും, മൂല്യങ്ങൾക്കും ആദ്യ പരിഗണന നൽകുന്ന ധാരാളം പേർ ഈ രംഗത്തേയ്ക്കു കടന്നുവരണം.

ഭദ്രാവതി രൂപതയിലെ പ്രായപൂർത്തിയായവർക്കായി ഭൗതീക മേഖലയിൽ പ്രവർത്തിക്കുന്ന ഏക ഔദ്യോഗിക സംഘടനയായിരിക്കും 'കർണാടക സീറോ–മലബാർ കാത്തോലിക് അസ്സോസിയേഷൻ' അഥവാ KSMCA. നമ്മുടെ രൂപതയിൽ 18 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരും ഈ സംഘടനയുടെ ഭാഗമാകണമെന്നതാണ് എന്റെ ആഗ്രഹം. ചെറുപുഷ്പ മിഷൻ ലീഗ്, സീറോ–മലബാർ യൂത്ത് മൂവ്മെന്റ്, തുടങ്ങിയ സംഘടനകളിൽ പ്രവർത്തിച്ചവർക്ക് തുടർന്ന് പ്രവർത്തിക്കുവാനുള്ള വേദിയാണ് KSMCA.

നമ്മുടെ എല്ലാ ഇടവകകളിലും KSMCA യുടെ യുണിറ്റുകൾ ഉണ്ടാവണം. അതിൽ മുതിർന്നവരായ എല്ലാവരും അംഗത്വമെടുക്കണം. ഇടവകതലത്തിലെ ഭരണ സമിതിയുടെ തിരഞ്ഞെടുപ്പിനുശേഷം, ഫൊറോന യൂണിറ്റുകൾ രൂപമെടുക്കും; പിന്നീട് രൂപതാതല ഭരണസമിതിയും തിരഞ്ഞെടുക്കപ്പെടും. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും, ഇടവക, ഫൊറോന തലങ്ങളിൽ യൂണിറ്റുകൾക്ക് രൂപം കൊടുക്കുന്നതി

നുമായി കഴിഞ്ഞ പാസ്റ്ററൽ കൗൺസിൽ, മിസ്റ്റർ ഡേവിസ് നീലംകാവി ലിന്റെ നേതൃത്വത്തിലുള്ള ഒരു Adhoc കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയംഗങ്ങൾ നമ്മുടെ എല്ലാ ഇടവകകളും സന്ദർശിക്കുകയും, യൂണിറ്റുകൾ സ്ഥാപിച്ച് തിരഞ്ഞെടുപ്പുകൾ നടത്തുകയും ചെയ്യും. ഈ പ്രവർത്തനങ്ങളെല്ലാം 2019 ജനുവരി 31–നകം പൂർത്തിയായിരിക്കും. 2019 ജനുവരി 31–നു KSMCA യുടെ രൂപതാതലത്തിലുള്ള ആദ്യ സമ്മേളനം നടക്കും. പ്രസ്തുത സമ്മേളനത്തിൽ വച്ച് ഈ സംഘടനയുടെ അദ്യത്തെ രൂപതാതല ഭരണസമിതി അധികാരമേൽക്കുകയും, KSMCAയുടെ പ്രവർത്തനം ഔദ്യോഗികമായി നമ്മുടെ രൂപതയിൽ ആരംഭിക്കുകയും ചെയ്യും.

ഈശോയിൽ പ്രിയ സഹോദരങ്ങളെ, കർണാടക സീറോ–മലബാർ കാത്തോലിക് അസ്സോസിയേഷൻ എന്ന അത്മായ സംഘടന ഭദ്രാവതി രൂപതയിൽ സ്ഥാപിക്കപ്പെടുന്നതിനും, അതിന്റെ പ്രവർത്തനങ്ങൾ വിജയത്തിലെത്തുന്നതിനുമെല്ലാം നിങ്ങളെല്ലാവരുടെയും ആത്മാർഥമായ സഹകരണം കൂടിയേ തീരൂ. ഇക്കാര്യത്തിൽ നിങ്ങളുടെ പൂർണ്ണമായ സഹ കരണം ഞാനഭ്യർത്ഥിക്കുന്നു KSMCAയിൽ അംഗമായിക്കൊണ്ട് സജീവ ക്രൈസ്തവ ജീവിതം നയിക്കുന്നതിനും, നമ്മുടെ സഹോദരങ്ങളുടെ സർവതോന്മുഖമായ വളർച്ചയ്ക്കും, നന്മയ്ക്കും വേണ്ടി നമ്മുടെ രൂപതാ തലത്തിലും, കർണാടക റീജിയണൽ തലത്തിലും പ്രവർത്തിക്കുന്നതിനും സ്നേഹപൂർവ്വം നിങ്ങളെ ഞാൻ ക്ഷണിക്കുന്നു. അതുവഴി, സഭയും, സമൂഹവും നേരിടുന്ന പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടുകൊണ്ട് സാമൂഹികമാറ്റങ്ങൾക്ക് നേതൃത്വം നൽകുവാൻ നമുക്ക് കഴിയട്ടെ!

എല്ലാവർക്കും നിറഞ്ഞ ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,

+ J. Arumachadath

**മാർ ജോസഫ് അരുമച്ചാടത്ത്**
ഭദ്രാവതി രൂപതയുടെ മെത്രാൻ

---

NB: *ഈ സർക്കുലർ നവം. 18, ഞായറാഴ്ച്ച, കുർബാനമധ്യേ നമ്മുടെ എല്ലാ പള്ളികളിലും ജനങ്ങളുടെ അറിവിലേയ്ക്കായി വായിക്കേണ്ടതാണ്.*

## മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ

# സീറോ മലബാർ മിഷൻ വാരാചരണം (2019 ജനുവരി 6 – 12)

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോയുടെ ദനഹാതിരുാളായ 2019 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ . ഈ യവസരത്തിൽ മിഷൻവാരവുമായി ബന്ധപ്പെട്ട് ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദനഹാതിരുനാളിന്റെ വേളയിൽ സ്വയം വെളിപ്പെടുത്തികൊണ്ട് ഈശോ തന്റെ പ്രേഷിത ദൗത്യത്തിന് തുടക്കം കുറിക്കുകയാണല്ലോ ചെയ്തത്. പതിതരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും അവിടുന്ന് സവിശേഷമായ സ്നേഹവും കാരുണ്യവും പുലർത്തിയിരുന്നതായി സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. സ്വയം വെളിപ്പെടുത്തിയ മിശിഹായുടെ മൗതിക ശരീരമായ തിരുസഭയും ഈ പ്രേഷിതദൗത്യത്തിൽ അനുസ്യൂതം പങ്കുചേരുന്നു. അതുകൊണ്ടാണ് ‘സഭ സ്വഭാവത്താലെ പ്രേഷിതയാണ്’(അപ്പ: 2)എന്ന് വത്തിക്കാൻ കൗസിലിന്റെ ‘ജനതകളിലേക്ക്’ എന്ന പ്രമാണരേഖ നമ്മെ പഠിപ്പിക്കുന്നത്.പ്രേഷിത അവബോധവും ആവേശവും സ്വന്തമാക്കി നമ്മുടെ കഴിവും ജീവിതാന്തസുകളും സാഹചര്യങ്ങളുമനുസരിച്ച് സുവിശേഷ പ്രഘോഷണത്തിനും പ്രേഷിതപ്രവർത്തിനുമായി മുന്നിട്ടിറങ്ങുവാൻ സഭാമക്കൾ എല്ലാവരെയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

ഈശോയുടെ മുഖം ഇന്ന് ലോകത്തിൽ പ്രകാശിതമാകുത് നമ്മിൽ ഓരോരുത്തരിലൂടെയുമാണ്. ‘നിങ്ങൾ ലോകമെങ്ങും

പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിണ്ടിയിരിക്കുന്നു. തിന്മയുടെ ശക്തി പതിയിരുന്ന് സഭയെ ആക്രമിക്കാൻ പരിശ്രമിക്കുമ്പോൾ, ആത്മീയതയിൽ നമ്മൾ കൂടുതൽ ശക്തരാകേണ്ടത് ഇന്നിന്റെ ആവശ്യമാണ്. കുടുംബങ്ങളെ ആത്മീയതയിൽ നയിക്കുവാനുള്ള മാതാപിതാക്കളുടെ കടമകൾ ഒരിക്കലും മറന്നുകൂടാ. നമ്മുടെ മുൻതലമുറക്കാർ കൈമാറി തന്ന വിശ്വാസവെളിച്ചത്തെ അണയാതെ കാക്കുവാൻ നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം. മാർത്തോമ്മാശ്ലീഹായുടെ വിശ്വാസതീക്ഷ്ണതയും ധീരതയും ഏതു പ്രതിസന്ധികളെയും മറികടക്കുവാൻ ശക്തിണ്ട്. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി അനുഭവിച്ചറിഞ്ഞ് ഈശോയുടെ സുവിശേഷം എത്തിപ്പെടാത്ത സ്ഥലങ്ങളിൽ ക്രിസ്തുവിന്റെ സുവിശേഷവുമായി കടന്നുചെല്ലുവാനുള്ള തീക്ഷ്ണത ഈ മിഷൻവാരാചരണത്തിലൂടെ നമ്മിൽ ഉജ്ജ്വലിപ്പിക്കാം. ആദിമ ക്രൈസ്തവരുടെ മാതൃക ഉൾക്കൊണ്ടുകൊണ്ട് എല്ലായിടത്തും എല്ലാവരുടെ ഇടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും സാധ്യമാക്കുവാനുള്ള നമ്മുടെ കടമയെ വിസ്മരിക്കാതിരിക്കാം. പ്രേഷിത പ്രവർത്തനം പലവിധത്തിലും നമുക്ക് നിറവേറ്റാം. ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം പങ്കുവയ്ക്കുവാനുള്ള കാര്യപരിപാടികൾ രൂപതാ തലത്തിലും ഇടവക തലത്തിലും എല്ലാഭക്ത സംഘടനകളെയും കൂട്ടിയോജിപ്പിച്ച് ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് പ്രേഷിതവാരാചരണത്തെ കൂടുതൽ അർത്ഥമുള്ളതാക്കി തീർക്കുവാൻ സഹായിക്കും. നമ്മുടെ വിശ്വാസം ഫലം ചൂടുന്നത് നമ്മുടെ പ്രേഷിത തീക്ഷ്ണതയിലും ഔദാര്യത്തിലുമാണ്.

നമ്മുടെ സഭ ഭാരതത്തിന് അകത്തും പുറത്തുമായി ധാരാളം മിഷനറിമാരെ നൽകികൊണ്ട് പ്രവർത്തിക്കുന്നു. നമ്മുടെ സഭയ്ക്ക് ഇന്ത്യ മുഴുവൻ അജപാലന ശുശ്രൂഷയും സുവിശേഷപ്രഘോഷണവും നടത്തുവാനുള്ള അനുവാദം പരിശുദ്ധ പിതാവ് നൽകിയിരിക്കുന്നതിന്റെ ഫലമായി രൂപംകൊണ്ട ഷംഷാബാദ്, ഹോസൂർ രൂപതകൾ അജപാലന–

സുവിശേഷപ്രഘോഷണാവകാശം മറ്റ് രൂപതകളോട് ചേർന്ന് പ്രായോഗികമാക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. പ്രേഷിതവാരാചരണ ദിവസങ്ങളിൽ പ്രത്യേകമായി നമുക്ക് അവരെ അനുസ്മരിക്കാം.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും ഭംഗിയായി മുന്നോട്ടുപോകുവാൻ കാരണം നമ്മുടെ സഭയിലെ മിഷൻ തീക്ഷ്ണതയാണ്. എല്ലാ മിഷനറിമാരെയും ഓർക്കേണ്ടതും അതോടൊപ്പം വിശ്വാസ തീക്ഷ്ണതയും ധൈര്യവുമുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടതും ഇന്നിന്റെ ആവശ്യമാണ്.നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മിഷനെ സഹായിക്കാനുമായി 'സീറോ– മലബാർ മിഷൻ' എന്ന പേരിൽ ഒരു ഓഫീസ് കാക്കനാട് മൗണ്ട് സെന്റ് തോമസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്നതായി നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അമ്പത്തിയൊന്ന്ലക്ഷത്തോളം വിശ്വാസികളുള്ള നമ്മുടെ സഭയുടെ 18 മിഷൻ രൂപതകളിലും മറ്റ് പ്രദേശങ്ങളിലും സേവനം ചെയ്യുവാൻവേണ്ട വൈദിക പരിശീലനം നേടിക്കൊണ്ടിരിക്കുന്ന 230 വൈദിക വിദ്യാർത്ഥികളെയും 34 സന്യാസാർത്ഥിനികളെയും ഈ ഓഫീസ്‌വഴി സഹായിക്കുന്നുണ്ട്. കൂടാതെ, നമ്മുടെ മിഷൻ പ്രദേശങ്ങളിൽ സുവിശേഷ വത്കരണവും അതിനോട് ബന്ധപ്പെട്ടിട്ടുള്ള മറ്റ് ആവശ്യങ്ങളും സാധ്യമാക്കുതിനായി മിഷൻ പ്രോജെക്ടുകളും നൽകുന്നുണ്ട്. നിങ്ങളുടെ പ്രാർത്ഥനയും ഉദാരതയുമാണ് ഈ ഓഫീസിന്റെ പ്രവർത്തനങ്ങളെ നയിക്കുകയും ക്രിയാത്മകമായ സമീപനങ്ങൾ കാഴ്ചവയ്ക്കാൻ സഹായിക്കുകയും ചെയ്യുത്. സഭയുടെ വളർച്ചയിലും മിഷൻ പ്രവർത്തനത്തിലും വളരെ ശ്ലാഘനീയമായ കാര്യങ്ങൾ ഈ ഓഫീസുവഴി നിർവഹിക്കപ്പെടുന്നത് അഭിനന്ദനാർഹമാണ്. മിഷൻ വാരാചരണത്തിലൂടെ സമാഹരിക്കുന്ന തുക സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി മാത്രമാണ് ഉപയോഗിക്കുത്.

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ 'നമുക്ക് അവനോടുകൂടെ പോയി മരിക്കാം' (യോഹ 11:16) എന്ന വാക്കുകൾ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ആ വിശ്വാസ വെളിച്ചത്തിൽ മിഷനെ അറിഞ്ഞും സ്നേഹിച്ചും മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിച്ചും മിഷൻ പ്രദേശങ്ങൾ

സന്ദർശിച്ചും കൂടാതെ സാമ്പത്തികമായി സഹായിച്ചും നമ്മൾ ശക്തരായിതീരട്ടെ. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**+കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2018–ാം മാണ്ട്നവംബർ മാസം 5–ാം തീയതി നൽകപ്പെട്ടത്.

---

**NB**: *1. 2018 ഡിസംബർ 30–ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ–മലബാർ സഭയുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.*

# രൂപതാകച്ചേരി വാർത്തകൾ

## രൂപതാദിനം 2018

ഭദ്രാവതിരൂപതാ സ്ഥാപനത്തിന്റെ പതിനൊന്നാം വാർഷികാഘോഷം, 2018 ഒക്ടോബർ 25–ന് ബോധന പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.30–ന് ആരംഭിച്ച വി. കുർബ്ബാനയുടെ ആരാധനയിലും തുടർന്ന് അഭിവന്ദ്യ ജോസഫ് അരുമച്ചാടത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ട വി. കുർബ്ബാനയിലും ദൈവം രൂപതയുടെമേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞു. ബഹു. റ്റോമി പാലക്കുടിയച്ചൻ വി. കുർബ്ബാനയുടെ ആരാധനക്ക് നേതൃത്വം നൽകി. പെരിയ ബഹു. വികാരി ജനറാൾ അഗസ്റ്റ്യൻ ഉറുമ്പുകാട്ടിലച്ചൻ കുർബാന മദ്ധ്യേ വചനസന്ദേശം നൽകി. രൂപതയിലെ ബഹു. വൈദികർ വി. ബലിയിൽ സഹകാർമ്മികരായി.

തുടർന്ന് അഭിവന്ദ്യ അരുമച്ചാടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം ഫാ. അമൽ എം.സി.ബി.എസ് ടീം നയിച്ച പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ചു. രൂപതാ ചാൻസിലർ ബഹു. ഫ്രാൻസീസ് അള്ളുംപുറത്തച്ചൻ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. വിവാഹ ജീവിതത്തിന്റെ അൻപത് വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതിമാരെയും, സന്യാസ സമർപ്പണത്തിന്റെ ഇരുപത്തിയഞ്ചും, അൻപതും വർഷങ്ങൾ പൂർത്തിയാക്കിയ സമർപ്പിതരെയും, മതബോധനത്തിലും, പത്താം ക്ലാസ്സിലും, ലോഗോസ് ക്വിസ്സിലും മികച്ച വിജയം വരിച്ചവരെയും പിതാവ് ആദരിച്ച് മെമെന്റോ നൽകി.

രൂപതാ ദിനത്തിന്റെ ആശംസകൾ നേർന്നും, ജൂബിലി ആഘോഷിക്കുന്നവരെയും, വിവിധതരത്തിൽ നേട്ടങ്ങൾ കരസ്ഥമാക്കിയവരെയും അനുമോദിച്ചും, എസ്.എം.വൈ.എം. രൂപതാ പ്രസിഡന്റ് ക്രിസ്റ്റി, പസ്റ്ററൽ കൗൺസിൽ അംഗം ശ്രീമതി ലിസി പീറ്റർ എന്നിവർ സംസാരിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് രൂപതയുടെ വളർച്ചയിലെ സുപ്രധാന സംഭവങ്ങൾ അനുസ്മരിക്കുകയും, അതിൽ സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുകയും ചെയ്തു. യോഗത്തിന് ഈണം പകർന്ന് സനു ഒരു ഗാനമാലപിച്ചു.

പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീ ജോമി മാത്യു എല്ലാവർക്കും നന്ദി പറഞ്ഞു. പേപ്പൽ ആന്തത്തോടെ യോഗം അവസാനിച്ചു. ഉച്ച ഭക്ഷണത്തിനു ശേഷം എല്ലാവരും പിരിഞ്ഞു.

**2018 രൂപതാദിനത്തിൽ ആദരിക്കപ്പെട്ടവർ**

**GOLDEN JUBILLE OF WEDDING ANNIVERSARY**

1 Mr. Chakkappan & Mrs. Mary, ChamakkalaPuthussery, NRPura

2 Mr. Jose & Mrs. Kochuthressiya, Mekkattuparambil, NRPura

3 Mr. Mathew & Mrs. Mary, Perookunnel, NRPura

4 Mr. Mathai & Mrs. Elikutty, Poothakuzhiyil, Nagavally

**GOLDEN JUBILEE OF RELIGIOUS PROFESSION**

1 Rev. Sr. Susanna CMC

2 Rev. Sr. Jain Mary CMC

**SILVER JUBILEE OF RELIGIOUS PROFESSION**

1 Rev. Sr. Sophy Jose FCC

2 Rev. Sr. PrincyJees CMC

3 Rev. Sr. Lilly Mathew SH

**CATECHISM TOPPERS OF THE YEAR 2018**

| | | |
|---|---|---|
| 1 | Joseph Cherukatt,Shimoga | Class -VII |
| 2 | Sophia Jose, Hossur | Class -X |
| 3 | Jishma CP, NRPura | Class - XII |

**SSLC EXAM TOPPER OF THE YEAR 2018**

Priyanka Rose Varghese, Shimoga

**BEST SUNDAY SCHOOL OF THE YEAR 2017-18**

St. Joseph's Church, Shettikoppa

**LOGOS QUIZ DIOCESAN TOPPER OF THE YEAR 2018**

Mrs. Lilly Vincent, Shimoga

## വൈദികസമ്മേളനം

2018 നവംബർ 23–ന് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വൈദിക സമ്മേളനം ഫാ. ജോസഫ് പനക്കച്ചിറ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. വികാരി ജനറാൾ റവ. ഫാ. അഗസ്റ്റ്യൻ ഉറുമ്പുകാട്ടിൽ എല്ലാവരെയും, പ്രത്യേകിച്ച് ആദ്യമായി വൈദിക സമ്മേളനത്തിൽ പങ്കുചേരുന്ന ഫാ. അഗസ്റ്റ്യൻ കന്നപ്പിള്ളിയെയും സ്വാഗതം ചെയ്തു. വാർഷിക ധ്യാനത്തിന്റെ തുടർച്ചയായി ചേർന്ന യോഗത്തിൽ നവീകൃതമായ ഉണർവോടെ പ്രവർത്തനമേലകളിലേക്ക് തിരികെ പോകാനും, ധ്യാനത്തിന്റെ ചൈതന്യം ജീവിതത്തിലും പ്രവർത്തനങ്ങളിലും തുടരാനും പിതാവ് തന്റെ സന്ദേശത്തിൽ എല്ലാവരെയും ഓർമിപ്പിച്ചു.

## ചർച്ചകൾ, അറിയിപ്പുകൾ

1. ഹോം മിഷനെപ്പറ്റി ചർച്ച ചെയ്തു, അടുത്ത മാസങ്ങളിൽ നടത്താനാഗ്രഹിക്കുന്ന ഇടവകകളെ നിശ്ചയിച്ചു.
2. പിതാവിന്റെ നിർദ്ദേശാനുസരണം മാസത്തിലൊരിക്കൽ (സാധ്യമെങ്കിൽ രണ്ടാം ശനിയാഴ്ച) ഫാമിലി കൗൺസിലിംഗ് ബോധനയിൽ വന്നു നടത്താൻ തയ്യാറാണെന്ന് ഫാ. സുബാഷ് അറിയിച്ചു. എൻ. ആർ. പുര പ്രദേശത്തുള്ളവർക്ക് അവിടെയും സൗകര്യം ചെയ്യാം എന്നറിയിച്ചു.
3. തിരട്ടുകളും, പ്രത്യേക പിരിവുകളും സമയത്ത് രൂപതാ കേന്ദ്രത്തിൽ എത്തിക്കണം. ഇടവകളും, സ്ഥാപനങ്ങളും, വിവിധ കമ്മീഷനുകളും തിരട്ട് നൽകണം.
4. കഴിഞ്ഞ പാസ്റ്ററൽ കൗൺസിൽ തീരുമാനപ്രകാരം രൂപതയിൽ ആരംഭിക്കുന്ന കർണാടക സീറോ മലബാർ കാത്തോലിക് അസോസിയേഷനെപ്പറ്റി (കെ.എസ്.എം.സി.എ) അറിയിച്ചു. എല്ലാ ഇടവകകളിലും യൂണിറ്റുകൾ തുടങ്ങി, 18 വയസ്സു പൂർത്തിയായ എല്ലാവരെയും അതിൽ അംഗങ്ങളാക്കണം.
5. കുർബാന കണക്കിനെപ്പറ്റി ജനറാളച്ചൻ വിശദീകരിച്ചു. വികാരിയച്ചന്മാർ വർഷത്തിൽ 10 കുർബാന ഇടവകയുടെ നിയോഗങ്ങൾക്കായി അർപ്പിക്കണം.

6. വൈദിക ക്ഷേമനിധിയെപ്പറ്റി വിശദീകരിച്ചു. എല്ലാ ഇടവകകളും ഒരു മാസത്തെ അച്ചന്മാരുടെ അലവൻസിനു തുല്ല്യമായ തുക ഇതിലേക്ക് നൽകണം. ഫാ. അബ്രാഹം അരീപറമ്പിൽ, ഫാ. തോമസ് വെള്ളാരംകാലായിൽ, ഫാ. ആന്റണി ഓടക്കൽ എന്നിവരെ വൈദിക ക്ഷേമത്തിനായുള്ള അസോസിയേഷനിലേക്ക് തിരഞ്ഞെടുത്തു. ഫാ. ജോസഫ് പനക്കച്ചിറയെ അതിന്റെ സെക്രട്ടറിയായി പിതാവ് നിയോഗിച്ചു.
7. രൂപതയുടെ ആപ്ലിക്കേഷൻ എല്ലാവരും ടൗൺലോഡ് ചെയ്യണം.
8. രൂപതാ വെബ്സൈറ്റിന്റെ ഉത്തരവാദിത്വംഫാ. മാത്യു തൃക്കോടന്മലിനെ പിതാവ് ഏൽപിച്ചു.
9. വിവാഹ രജിസ്ട്രേഷൻ കക്ഷികൾ നേരിട്ടു നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കാം.
10. ഫൊറോനതലത്തിൽ നടത്തുന്ന പ്രോഗ്രാമുകളുടെ ചിലവുകൾ ഫൊറോന പള്ളിക്കു തന്നെ വഹിക്കാൻ പറ്റില്ല. ബന്ധപ്പെട്ട കമ്മീഷനുകൾ കണ്ടെത്തണം, അല്ലെങ്കിൽ ഇടവകകൾ വീതിച്ചെടുക്കണം.
11. ക്വിസ് പോലുള്ള പ്രോഗ്രാമുകൾ മലയാളത്തിലും കന്നടയിലും നടത്തുക സാദ്ധ്യമല്ല. ഏതെങ്കിലും ഒരു ഭാഷയിൽ മാത്രം.
12. ഈ വർഷം രൂപതക്കായി തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാർ ആന്റണി കലംകണ്ടത്തിൽ, ജോസഫ് ചക്കിട്ടമുറിയിൽ എന്നിവർ സന്നിഹിതരായിരുന്നു. എല്ലാവരെയും തിരുപ്പട്ടത്തിലെക്ക് ക്ഷണിച്ചു.

## പ്രത്യേക പിരിവുകൾ

1) രൂപതാ വിദ്യാഭ്യാസ നിധി 2018 ഡിസംബർ 25
2) സീറോമലബാർ പ്രേഷിതവാര പിരിവ് 2019 ജനുവരി 13
3) തിരുബാലസ്യദിനം 2019 ഫെബ്രുവരി 10

**ഫാ. ഫ്രാൻസീസ് അള്ളുംപുറം**

രൂപതാചാൻസിലർ

# OUR NEW ADDRESS

**Bodhana Pastoral Center**

Post Box No. 26, Bhadravathi - 577 301
Karnataka

Tel: 094805 44440, 09483 901010
Email: curia@bhadravathidiocese.org
Website: www.bhadravathidiocese.org

## NORBERTAIN INSTITUTE OF COUNSELLING & EMPOWERMENT (NICE)

മാതാപിതാക്കളും കുട്ടികളും യുവജനങ്ങളും നേരിടുന്ന വിവിധങ്ങളായ മനഃശാസ്ത്രപരമായ പ്രശ്നങ്ങളെ നേരിടുവാനും പരിഹരിക്കുവാനുമായി നോർബർട്ടൈൻ വൈദികരുടെ നേതൃത്വത്തിൽ നരസിംഹരാജപുരയിൽ NICE എന്ന പേരിൽ ഒരു കൗൺസിലിംഗ് സെന്റർ ആരംഭിച്ചിരിക്കുന്ന വിവരം സ്നേഹപൂർവം അറിയിക്കുന്നു. കുടുംബങ്ങൾക്കും കുട്ടികൾക്കും യുവാക്കൾക്കും പ്രത്യേക കൗൺസിലിംഗ് സൗകര്യം ഇവിടെ ക്രമീകരിച്ചിരിക്കന്നു. കുടുതൽ വിവരങ്ങൾക്കായി താഴെപ്പറയുന്ന അഡ്രസ്സിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. സുബാഷ് ചെല്ലംകാട്ടിൽ**
ഡയറക്ടർ, നൈസ് കൗൺസിലിംഗ് സെന്റർ
നരസിംഹരാജപുര

## മതബോധന–ബൈബിൾ കമ്മീഷൻ

എല്ലാവർക്കും ആഗതമാകുന്ന തിരുപിറവിയുടെയും, പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു. മാലാഖമാർ ആശംസിച്ച സമാധാനം എല്ലാവർക്കും നേരുന്നു. അതു സ്വന്തമാക്കാൻ തക്കവിധം നല്ല മനസ്സ് നമുക്ക് ലഭിക്കാൻ ഇടയാകട്ടെ. 2019 അനുഗ്രഹത്തിന്റെ വർഷമാകട്ടെ.

**ലോഗോസ് ക്വിസ് 2018**

ലോഗോസ് ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും അനുമോദനങ്ങൾ. വചനം പഠിക്കുവാനുള്ള നിങ്ങളുടെ പരിശ്രമങ്ങളെ വചനമായ ദൈവം അനുഗ്രഹിക്കട്ടെ. രൂപതാതലത്തിലും, ഓരോ ഗ്രൂപ്പിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

| Diocesan Toppers | | | |
|---|---|---|---|
| 1 | | Mrs. Lilly Vincent, Shimoga | 92 |
| 2 | | Mrs. Shalini, Shettikoppa | 91 |
| 3 | | Sr. Rose sabs, Ripponpet | 89 |
| **Age Group Toppers** | | | |
| A | 1 | Sneha Meledan, NRPura | 81 |
| | 2 | Alvin Saju Nellissery, Makkod | 79 |
| | 3 | Roslin, Masthikatte | 56 |
| B | 1 | Alvin Veliyathuparambil, Makod | 72 |
| | 2 | Niya Koottala, NRPura | 71 |
| | 3 | Wilson V, Holehonnur | 67 |
| C | 1 | Shalini, Shettikoppa | 91 |
| | 2 | Asha Santhosh, Ripponpet | 84 |
| | 3 | Princy Kannampilly, Makkod | 78 |

| | | | |
|---|---|---|---|
| D | 1 | Lilly Vincent, Shimoga | 92 |
| | 2 | Sr. Rose sabs, Ripponpett | 89 |
| | 3 | Sheena Panakal, Chettikudige | 88 |
| E | 1 | Cicily Babu, Hossur | 84 |
| | 2 | Sr. Lissy Maria SH, Holehonnur | 80 |
| | 3 | Mary Thalachira, Shettikoppa | 79 |
| F | 1 | C.M. Joseph, Shettikoppa | 81 |
| | 2 | Sr.Ancy Joseph SH, NRPura | 77 |
| | 3 | Sr. Charles SH, Shettikoppa | 67 |

ലോഗോസ് 2018 ന്റെ നടത്തിപ്പിന് നേതൃത്വം നൽകിയ റവ. ഫാ. ഗലാൽ, സിസ്റ്റർ ശുഭ എന്നിവർക്ക് പ്രത്യേകം നന്ദി.

**കരോൾ ഗാനമത്സരം**

കരോൾ ഗാനത്തിന്റെ രൂപതാതല മത്സരം 2018 ഡിസംബർ 8–ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ബോധനാ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.ഫൊറോനകളിൽ ഒന്നും, രണ്ടും സ്ഥാനം കരസ്ഥമാക്കിയ 06 ഗ്രൂപ്പുകൾ പങ്കെടുത്തു. രൂപതാതലത്തിൽ സമ്മാനാർഹരായവർ:

ഒന്നാം സ്ഥാനം : ഷിമോഗ, സെന്റ് ജോസഫ്
രണ്ടാം സ്ഥാനം : എൻ. ആർ. പുര, ലിറ്റിൽ ഫ്ളവർ
മൂന്നാം സ്ഥാനം : ഹൊസ്സൂർ, സേക്രട്ട് ഹാർട്ട്

വിജയികൾക്ക് അഭിവന്ദ്യ പിതാവ് ട്രോഫിയും, മെഡലുകളും, കാഷ് അവാർഡും, പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകി അനുമോദിച്ചു. നേതൃത്വം നൽകിയ സി. ലിസ, സി. ആൻ ജോ എന്നിവർക്കും, മറ്റ് കോർ ടീം അംഗങ്ങൾക്കും ഒത്തിരി നന്ദി.

**പാരീഷ് ബൈബിൾ ക്വിസ്**

പാരീഷ് ബൈബിൾ ക്വിസിന്റെ രൂപതാതല മത്സരം 2019 ജനുവരി 12 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടും. ഫൊറോനകളിൽ ഒന്നും, രണ്ടും സ്ഥാനം നേടിയ ടിമുകൾക്ക് പങ്കെടുക്കാം.

**പ്രധാന അദ്ധ്യാപക യോഗം**

പ്രധാനാദ്ധ്യാപകരുടെ യോഗം 2019 ജനുവരി 19–ന് എന്നാണ് അറിയിച്ചിരുന്നത്. എന്നാൽ ജനുവരി 15 അവധി ദിവസമായതിനാൽ എല്ലാവർക്കും കൂടുതൽ സൗകര്യമാകും എന്നതു കൊണ്ട് 2019 ജനുവരി 15 ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് ബോധനയിൽ വച്ച് പ്രധാന അദ്ധ്യാപക യോഗം ചേരുന്നതാണ്.

**മതബോധന സന്ദർശനം**

കോർ ടീമിന്റെ മതബോധന സന്ദർശനം പൂർത്തിയായി. സന്ദർശനം സമയത്ത് പൂർത്തിയാക്കിയ ടീമംഗങ്ങൾക്കും, എല്ലാം ചിട്ടയായി ക്രമീ കരിച്ച വികാരിയച്ചന്മാർക്കും, മതാദ്ധ്യാപകർക്കും നന്ദി.

**ശ്രീമതി നിഷാ ജയ്മി**
കോർ ടിം സെക്രട്ടറി

# COMMISSION FOR EDUCATION

## Report of the Annual General Body Meeting of Managers and Head Masters -2018

The Annual General Body Meeting of the Managers and Head Masters of the Diocese of Bhadravathi was held on 08 December, 2018 from 10.30 am to 01.15 pm at Bodhana Pastoral Centre Bhadravathi. The meeting began with a prayer followed by the words of welcome by Fr.Sajeesh Thrikkodanmalil, the Diocesan Secretary of the Commission for Education. The meeting was inaugurated by His Excellency Mar Joseph Arumachadath the Bishop of Bhadravathi. During his inaugural speech he extended a warm and cordial welcome to Rev. Fr. Eugene Lobo SJ, the Secretary of Karnataka Regional Commission for Education and the resource person of the day and congratulated all the participants for being present for the meeting without fail. He also reminded the gathering that there will be at least two such meetings

every year, the first one being in the beginning of the academic year and the second one towards the middle of the second term of the academic year. Thereafter Bishop spoke about the new education policy of the diocese and congratulated all the members of the drafting committee for their dedication and commitment to get the policy ready and also exhorted all the participants to implement this education policy in all the educational institutions within jurisdiction of the Diocese of Bhadravathi. Having said that the Bishop released the diocesan education policy together with the policy drafting committee members presenting the first copy to Very Rev. Fr. Augustine Urumpukattil, the Vicar General of the Diocese. Thereafter Very Rev. Fr.Augustine Urumpukattil delivered the words of appreciation and congratulated the bishop for all his efforts to make the ministry of education more fruitful in the diocese following the footsteps of Jesus the source of all wisdom and knowledge. Citing the documents and the teachings of the church he also spoke about the importance of imparting value education in the present scenario especially by taking care of the deprived and the marginalized children of the society.

After the inaugural session Rev. Fr. Eugene Lobo began the session with the presentation of the meaning of education and contribution of the church in the field of education. The second session was on POCSO, the background and concept, and the way in which we should take care of the little ones and the importance of being alert and cautious in this regard. He also explained the necessity of forming the Local Internal Committee at the school and diocesan level to take care of any emergency issues. The third topic was on leadership among the teaching faculty and the way in which one should face the emerging challenges as teachers. During this session he also spoke on corporal punishment in the school and about the way to handle difficult students. After the sessions there was also time for the participants to seek clarifications. The seminar was concluded by the vote of thanks by

Rev. Sr. Lisset Jose CMC, The Animator of the Diocesan Commission for Education. The whole session was rejuvenating and embellishing for all the participants especially as they are in the ministry of education.

**Fr. Sajeesh Thrikkodanmalil**
Director

## Public Relation Office

### The Bhadravathi diocesan public relation officers' meet

The first meeting of the newly constituted diocesan PRO was held on 8th December, 2018 Saturday from 02.30 pm to 03.30 pm at Bodhana pastoral Centre Bhardavathi. The meeting began with a short prayer recited by the Bishop. Thereafter the Bishop introduced each member of the PRO team to Rev. Fr. Eugene Lobo SJ the former PRO of Karnataka Region who was invited to give us an initiation on 'The role of a PRO in the Diocese of Bhadravathi.' During his talk Fr. Eugene briefed us on the following topics such as the role of PRO in the church, the meaning, vision, responsibility, and functions of a PRO very much in line with the teaching of the church reflected in the documents such as *Communio et Progressio* of *1971, Aetatis Novae of 1992* and the Asian Synod of 1998. Fr. Eugene concluded his talk by stating that a PRO should be an organized and cool-tempered professional who is able to handle a crisis. He is expected to have a creative mind and excellent communication skills. He should also be confident in public speaking and project management abilities.

After Fr. Eugene Lobo had left the meeting, bishop exhorted the PRO members to be sensitive to our surroundings and to try to communicate things with precision. Bishop also suggested to create a WhatsApp group through which the communication can be made more effective between the PRO members. All the nominated members (Fr. Sajeesh Thrikkodanmalil, Mr. Jomy Mathew, Mr. Saji Pulickakunnel and

Mr. Davis Neelankavil) were present for the meeting. It was also decided to have the PRO's meeting occasionally especially after certain common programme at Bodhana for which all the PRO members may be present. The meeting was concluded with a short prayer.

**Fr.Sajeesh Thrikkodanmalil**
PRO in charge

## കുടുംബ പ്രേഷിതത്വം

**വിവാഹിതരായ ദമ്പതികളുടെ സെമിനാർ**

വിവാഹ ജീവിതത്തിൽ പല തരത്തിലുള്ള വെല്ലുവിളികളിലൂടെ കടന്നുപോകുന്ന ദമ്പതികൾക്കായി ഭദ്രാവതി രൂപത ഒരുക്കുന്ന ധ്യാനം ഫെബ്രുവരി 11 മുതൽ 14 വരെ തീയതികളിൽ ബോധന പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. താമരശ്ശേരി രൂപതാ അംഗമായ ബഹു ഫാ. കുര്യൻ പുരമിടത്തിൽ ആയിരിക്കും ക്ലാസ്സുകൾ നയിക്കുന്നത്. പ്രസ്തുത കോഴ്സിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ബഹു. വികാരിയച്ചൻമാർ വഴി പേര് രജിസ്റ്റർ ചെയ്യണമെന്ന് അറിയിക്കുന്നു.

**വിവാഹ ഒരുക്ക സെമിനാർ**

നവംബർ 26 മുതൽ 29 വരെ തീയതികളിലായി ബോധന പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ട വിവാഹ ഒരുക്ക കോഴ്സിൽ 21 പേർ പങ്കെടുത്തു. വികാരി ജനറൽ ബഹു. ഫാ. അഗസ്റ്റിൻ ഉറുമ്പുകാട്ടിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. വിവിധങ്ങളായ വിഷയങ്ങളിൽ പരിശീലനം ലഭിച്ചവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സമാപന ദിവസം എത്തിച്ചേർന്ന യുവജനങ്ങളുടെ മാതാപിതാക്കൾക്കായി ബഹു. ഫാ സുബാഷ് ചെല്ലൻകോട്ടിൽ പ്രത്യേക നിർദ്ദേശങ്ങളും ക്ലാസ്സുകളും നൽകി. ബഹുമാനപ്പെട്ട ഫാ. അഗസ്റ്റിൻ ഉറുമ്പുകാട്ടിൽ സമാപന സന്ദേശം നൽകി എല്ലാവർക്കും സർട്ടിഫിക്കേറ്റുകൾ നൽകി. വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുത്തവർക്കും ക്ലാസ്സുകൾ നയിച്ചവർക്കും നന്ദി.

**ഫാ. പോൾ തട്ടുപറമ്പിൽ**
ഡയറക്ടർ

# സീറോ മലബാർ മാതൃവേദി

സീറോ മലബാർ മാതൃവേദിയിൽ നിന്നും ഏവർക്കും ആശംസകൾ. കർത്താവ് എത്രയോ നല്ലവനാണെന്ന് അനുഭവിച്ചറിഞ്ഞ ദിവസങ്ങൾ ആയിരുന്നു പിന്നിട്ടത്. ഉണ്ണി മിശിഹായുടെ പിറവി തിരുന്നാൾ ഒരുക്കങ്ങളുടെ ഭാഗമായി മാതൃവേദി സംഘടിപ്പിച്ച മത്സരങ്ങളുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**എഷ്കോൾ മത്സരങ്ങൾ**

ഡിസംമ്പർ 1-ാം തീയതി രൂപതാ കേന്ദ്രത്തിൽ വെച്ച് എഷ്കോൾ മത്സരങ്ങൾ നടത്തപ്പെട്ടു. മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി സഹായിച്ച ബഹു. അച്ചന്മാരെയും സിസ്റ്റേഴ്സിനേയും, സ്നേഹത്തോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. മത്സരങ്ങളൽ വിജയി കളായവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**എഷ്കോൾ ഗാനാലാപനം 65-ാം സങ്കീർത്തനം**

| സ്ഥാനം | ഇടവക |
|---|---|
| 1 | സെന്റ് തോമസ് ചർച്ച്, സങ്കമേശ്വർപേട്ട് |
| 2 | സെന്റ് ആന്റണീസ് ചർച്ച്, ഇണ്ടുവള്ളി |
| 3 | സെന്റ് അൽഫോൺസ ചർച്ച്, ഉബ്ലൈബൈലു |

**വടംവലി മത്സരം**

| സ്ഥാനം | ഇടവക |
|---|---|
| 1 | ഗുഡ് ഷെപ്പേർഡ് ഫെറോന ചർച്ച്, റിപ്പൺപേട്ട് |
| 2 | സെന്റ് ആന്റണീസ് ചർച്ച്, ഇണ്ടുവള്ളി |
| 3 | സെന്റ് സെബാസ്റ്റ്യൻ ചർച്ച്, മാക്കോട് |

**വചനമാല മത്സരം മലയാളം**

| സ്ഥാനം | പേര് | ഇടവക |
|---|---|---|
| 1 | ഷിനി കൂട്ടാല | എൻ.ആർ.പുര |
| 2 | റിമ്പു നിധിൻ | മൂലക്കട്ട |
| 3 | ബേബി സജി | ഇണ്ടുവള്ളി |

| | | |
|---|---|---|
| 4 | ലിസി ഷാജു | മാക്കോട് |
| 5 | റോസ്സി ജോഷി | മാക്കോട് |
| 6 | ജിൻസി ജോർജ്ജ് | ചെട്ടികുടിഗെ |
| 7 | ജിൻസി പൂളിപ്പാറ | ഇടുവള്ളി |

**വചനമാല മത്സരം കന്നഡ**

| സ്ഥാനം | പേര് | ഇടവക |
|---|---|---|
| 1 | ഷാലിനി | ഷെട്ടിക്കൊപ്പ |
| 2 | സുജിത | സങ്കമേശ്വർപേട്ട് |

**ബൈബിൾ ക്വിസ് മത്സരം**

| സ്ഥാനം | പേര് | ഇടവക |
|---|---|---|
| 1 | ഷിനി കൂട്ടാല | എൻ.ആർ.പുര |
| 2 | റ്റെസി ജെയിംസ് മാഞ്ചാലിൻ | റിപ്പൺപേട്ട് |
| 3 | സോഫി വിൽസൺ | മാക്കോട് |
| 4 | ജിസ്മിത ബിനീഷ് പയ്യപള്ളി | എൻ.ആർ.പുര. |
| 5 | ബേബി സജി | ഇടുവള്ളി |
| 6 | ജിനു പുതുശ്ശേരി | ഷെട്ടിക്കൊപ്പ |
| 7 | ജോസി ആലൂക്ക പുതുശ്ശേരി | ഷെട്ടിക്കൊപ്പ |
| 8 | ലീന ഫ്രാൻസിസ് | സങ്കമേശ്വർപേട്ട് |

എഷ്കോൾ വചനമാലയുടെ പാഠ്യവിഷയമായ പ്രഭാഷകന്റെ പുസ്തകത്തിൽ നിന്നും ഒരു മണിക്കൂറിൽ 162 വചനം എഴുതിയ ഷിനി കൂട്ടാല, 155 വചനം വീതം എഴുതിയ ബി. എ. നിധിൻ മൂലകട്ടെ, ബേബി സജി ഇണ്ടുവള്ളി എന്നിവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

**സി. ഉഷ സി. എം. സി.**
ഡയറക്ടർ

# മിഷൻ ലീഗ്

2018-19 വർഷത്തെ മിഷൻ ലീഗിന്റെ എക്സിക്യൂട്ടീവ് മീററിംഗ് 04-10-2018 ബോധന പാസ്റ്ററൽ സെന്റിൽ വെച്ച് മിഷൻ ലീഗ് രൂപ താ ഡയറക്ടർ ഫാ. സെബാസ്ററ്യൻ പുല്ലുകാട്ടിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. പ്രസ്തുത മീററിംഗിൽ മിഷൻ ലീഗ് സ്റ്റേറ്റ് എക്സിക്യൂട്ടീവ് മെമ്പർ ശ്രീ ജോസ് തേരകനും രൂപതാ സി. എം. എൽ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. ഈ മീറ്റിംഗിൽ മണ്ഡ്യയിൽ വെച്ച് നടക്കുന്ന സംസ്ഥാന തല ഏകദിന സെമിനാറിൽ സംബന്ധിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടത്തി. രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും, മിഷൻ ലീ ഗിന്റെ ശാഖാ ഭാരവാഹികളിൽ നിന്നും ഒരാൾ പങ്കെടുക്കണമെന്നു തീ രുമാനിച്ചതനുസരിച്ച് രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമായി 34 അംഗങ്ങൾ 14 ഒക്ടോബർ രാത്രി 8 മണിയോടുകൂടി ബോധനാ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരുകയും രാത്രി 10.30 തോടെ മണ്ഡ്യയിലേക്ക് യാത്ര ആരംഭിച്ച് പിറ്റേ ദിവസം രാവിലെ 6.30 തോടെ മണ്ഡ്യയിൽ എത്തിച്ചേരുകയും ചെയ്തു. മണ്ഡ്യ രൂപത അധ്യക്ഷൻ മാർ ആന്റണി കരിയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഇതിനു ശേഷം മിഷൻ ലീഗ് അംഗങ്ങൾക്കും ആനിമേറ്റേഴ്സിനും പ്രത്യേക ക്ലാസ്സുകൾ നടത്തപ്പെട്ടു. അതിനുശേഷം അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവിന്റെ കാർമികത്വത്തിൽ വി. ബലി അർപ്പിക്കുകയും ഉച്ച ഭക്ഷണത്തി നു ശേഷം ക്ലാസ്സുകൾ ആരംഭിച്ച് 3 മണിയോടുകൂടി സമാപന സമ്മേളനം ആരംഭിക്കുകയും ചെയ്തു. സമ്മേളനത്തിൽ സി.എം.എൽ ഭദ്രാവതി രൂ പതാ ആനിമേറ്റർ സി. സ്റ്റെല്ല സി.എം.സി. ഏകദിന സെമിനാറിനെ വില യിരുത്തി സംസാരിച്ചു. വൈകുന്നേരം 5 മണിയോടുകൂടി മണ്ഡ്യയിൽ നിന്നും യാത്ര തിരിച്ചു രാത്രി 12 മണിയോടുകൂടി പാസ്റ്ററൽ സെന്ററിൽ എത്തിച്ചേർന്നു. സെമിനാറിൽ പങ്കെടുത്ത എല്ലാവർക്കും രൂപതാ ഡയറക്ടർ നന്ദി അറിയിച്ചു.

കർണ്ണാടകയിലെ സീറോ മലബാർ രൂപതകളായ ബൽത്തങ്ങാടി, മണ്ഡ്യ, ഭദ്രാവതി എന്നീ രൂപതകൾ ചേർന്നുള്ള മിഷൻ ലീഗിന്റെ കലോത്സവം 2019 ഒക്ടോബർ മാസത്തിൽ ബോധന പാസ്റ്റർ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. അതിനുവേണ്ട ഫണ്ട് രൂപീകരണം നടത്തുന്നതിന് എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ പുല്ലുകാട്ട്**
ഡയറക്ടർ

# യുവജന പ്രേഷിതത്വം

**ബേധഫണൺ നത്താലേ 2K18**

ഡിസംമ്പർ 15-ാം തീയതി ഷെട്ടിക്കൊപ്പ സെന്റ് ജോസഫ് പള്ളി യിൽ വെച്ച് എസ്. എം. വൈ. എം. ഒരുക്കുന്ന ക്രിസ്തുമസ് പ്രോഗ്രാം 'ബോൺത്താലേ 2K18' നടത്തപ്പെടുന്നു. കരോൾ മത്സരം, വോളിബോൾ മത്സരം തുടങ്ങിയവ ഈ പ്രോഗ്രാമിന്റെ ഭാഗമായി ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത പരിപാടിയിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

**SMYM റീജണൽ എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പ്**

നവംമ്പർ 24-ാം തീയതി SMYM കർണ്ണാടക റീജിയണിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രഥമ റീജണൽ എക്സിക്യൂട്ടീവിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു. നമ്മുടെ രൂപതാ അംഗങ്ങൾ ആയ സനുമോൻ പി. തോമസ് (നാഗവള്ളി) ജോയൽ ജോയി (മൂലക്കട്ടെ) സാനു ജോസഫ് (നാഗവള്ളി) എന്നിവർ യഥാക്രമം ഡപ്യൂട്ടി പ്രസിഡന്റ്, കൗൺസിലർ, ട്രഷറർ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഭാരവാഹികളായി തി രഞ്ഞെടുക്കപ്പെട്ടവർക്കും മീറ്റിംഗിൽ പങ്കെടുത്തവർക്കും നന്ദിയും അഭി നന്ദനങ്ങളും.

**ഫാ ജോസഫ് പനയ്ക്കച്ചിറ**
ഡയറക്ടർ

# മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി

ഭദ്രാദീപയുടെ എല്ലാ വായനക്കാർക്കും മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സ്നേഹാശംസകൾ. സാമൂഹിക സേവന വിഭാഗ ത്തിൽ നടന്നു കൊണ്ടിരിക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ ചു വടെ ചേർക്കുന്നു.

**നവജീവൻ ഹൊളിസ്റ്റിക് കെയർ സെന്റർ**

മലനാട് സാമൂഹിക സേവന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ

നടത്തപ്പെടുന്ന ഈ പ്രോഗ്രാമിൽ കഴിഞ്ഞ മുന്ന് മാസങ്ങളിലായി 321 രോഗികളെ പരിശോധിക്കുകയും അവർക്ക് ആവശ്യമായ മരുന്നുകൾ നൽകുകയും ചെയ്തു.

**ചൈൽഡ് ഹെൽപ്പ് ലൈൻ 2018**

പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികളുടെ സമ്പൂർണ്ണ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി ഇരുപത്തിനാല് മണിക്കൂറും പ്രവൃത്തിക്കുന്നു. കേന്ദ്രസർക്കാരിന്റെ സഹായത്തോടകൂടി നടത്തപ്പെടുന്ന ഈ സംരംഭത്തിലൂടെ എം.എസ്.എസ് ഓഫീസിൽ ലഭിക്കുന്ന ഫോൺ കോളുകൾക്ക് ആവശ്യമായ നടപടികൾ ഉടനടി സ്വീകരിച്ച് വരുന്നു. കഴിഞ്ഞ മൂന്ന് മാസങ്ങളിലായി കൈകൊണ്ട നടപടികൾ. നാല് ബാലവിവാഹങ്ങൾ നിർത്തിവെച്ചു. ഏഴ് കുട്ടികൾക്ക് താമസ സൗകര്യം ക്രമീകരിച്ച് നൽകി. ഭിക്ഷാടനം നടത്തിയിരുന്ന മൂന്ന് കുട്ടികളെയും സംരക്ഷിച്ച് പുനരധിവസിപ്പിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ചും നിരവധി ഹൗസ് പ്രോഗ്രാമുകളും സ്റ്റാൾ പ്രോഗ്രാമുകളും നടത്തി.

**സ്ത്രീ ശാക്തീകരണ പരിപാടി**

ഗ്രാമീണ വനിതകളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനും അവർക്കെതിരെ അക്രമങ്ങൾ തടയുകയുകയും സ്ത്രീകളെ നേതൃസ്ഥാനത്തേക്കെത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കർണ്ണാടക റീജിയണൽ ഓർഗനൈസേഷൻ ഫോർ സോഷ്യൽ സർവ്വീസിന്റെ നേതൃത്വത്തിലും സഹായത്താലും നടത്തപ്പെടുന്ന ഈ പദ്ധതിയിൽ 229 സ്വസഹായ സംഘങ്ങളും 360 അംഗങ്ങളും ഉണ്ട്. ഈ പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും ഇണ്ടുവള്ളി, ഇടുവള്ളി, ഷിമോഗ, ഉംമ്പളെബൈലു എന്നീ സ്ഥലങ്ങളിൽ നടക്കുന്നു

**ഫാ. അബ്രഹാം അരീപ്പറമ്പിൽ**
ഡയറക്ടർ

# BISHOP'S DIARY

## OCTOBER 2018

13 : Offered Holy Eucharist at St. Alphonsa Church, Umblebylu on the occasion of the Parish Feast

20 : Offered Holy Eucharist at Sacred Heart Church, Hosur – Induvally on the occasion of Chamakalayil Kudumbayogam; Felicitated Mrs. Rosamma Tharakan at her 100th Birth day celebration at Moolakatte, Bhadravathi; participated in the One Day Bible Convention, N. R. Pura

25 : Presided over the Diocesan Day Celebrations at Bodhana Pastoral Centre

27 : Offered Holy Eucharist at St. Antony's church, Iduvally on the Memorial Day of Rev. Fr. Mathew Kizhakkemury, mcbs; unveiled the bust of Rev. Fr. Mathew Kizhakkemury inside the courtyard of St. Antony's School, Iduvally

28 : Offered Holy Eucharist at Lourdumatha Church, Nagavally; Celebrated Holy Eucharist at Little Flower Church, Bhatkal, on the occasion of its Silver Jubilee

29 : Blessed and inaugurated the nursery bock of St. Joseph English Medium School N.R. Pura

## NOVEMBER 2018

04 : Felicitated Norbertine Father Jose Murikkan, Justin, Stephen, John, and Antony Koottumkal at Little Flower Church, N.R. Pura on the occasion of their Sacerdotal Silver Jubilee

05 : Blessed the Marriage of Mr. Arun Kannampally, at St. Sebastian Church, Makkod

06 : Felicitated Rev. Fr. Paul Koottala on the occasion of his Sacerdotal Silver Jubilee Celebration at Little Flower Parish Hall, N. R. Pura

08 : Officiated the funeral service for Mrs. Annamma Pudussery, mother of Rev. Fr. Martin Pudussery, at St. Annes Church, Muthinakoppa; participated in the MSSS Governing Body Meeting

14 : Received Very rev. Fr. Jose Narlely, Superior General of the Trinitarian Fathers at the Bishop's House

17 : Offered Holy Eucharist at S.H. Hostel, Shimoga on the occasion of Silver Jubilee of Rev. Sr. Lilly Mathew and Rev. Sr. Sofy

19–24 : Participated in the Annual Retreat of the Priests of the Diocese of Bhadravathi at Bodhana Pastoral Centre

30 : Visited Bishop's house, Kalenahally, Mandya and the Brothers from Bhadravathi at Mandya Minor Seminary

## BISHOP'S PROGRAMME

**DECEMBER 2018**

02 : Annual Day, St. Joseph Higher Primary School, Shimoga

08 : Meeting of the Managers and HMs of the schools in the diocese of Bhadravathi at Bodhana; Diocesan PRO Meeting; Diocesan Carrol Singing Competition, at Bodhana

09 : Visit to Kalanky and Perikari; MCBS Minor Seminary Pariyaram

10 : Monthly Recollection at Koppa

11 : Monthly Recollection at Iduvally

12 : Monthly Recollection at Umblebylu

17 : Annual day, St. Thomas High School, Anavatty

19 : Annual day, Jyothirvikas High School, Sangameshwerpet

20 : Annual day, St. Theresa's High School, Machinahally

21 : Christmas Celebration, Care Centre, Bhadravathi

24 : Christmas Eve. Holy Mass at Little Flower Cathedral, NR Pura

25 : Christmas

27 : Priestly Ordination, Dn. George Panachickal, mcbs and Dn. Mathew Venkuzhiyil OFM Conv. at Little Flower Forane church, Vellarikkundu

28 : Priestly Ordination, Dn. Tom Padinjathu, mcbs at St. John's Church, Palavayal

29 : Priestly Ordination, Dn. Srudhin Kalapurackal OFM Cap. at Holy Cross Forane Church, Nadavayal

31 : Priestly Ordination, Dn. Joseph Edayileveettil at St. Mary's Church, Parappa

## JANUARY 2019

03 : Priestly Ordination, Dn. Joseph (Albin) Chakkittamuriyil at St. Joseph Church Kalanky; and Dn. Antony Kalayamkandathil at St. Alphonsa Church, Perinkary

07-18: Synod of the Syro-Malabar Bishops at Mount St. Thomas, Kakkanad

20 : Holy Mass at St. Antony's Church, Varkatte; Holy Eucharist at Infant Jesus Church, Moolakatte, Bhadravathi

21 : Visit of Claritian Provincials

27 : Holy Eucharist at Sacred Heart Church, Hosur, Induvally

## FEBRUARY 2019

02 : Holy Eucharist at Kogar and the blessing of Kurishadi

03 : Holy Mass at St. Joseph's Forane Church, Shimoga

11 : Holy Raza at Lourd Matha Church, Nagavally on the occasion of Parish Feast

11-13: Couples Seminar, Bodhana

14 : Meeting of the College of Consultors

16 : Meeting of MSSS Governing Body

21 : KRCBC Meeting at St. Peter's Seminary, Bangalore

22 : CCK Meeting at KROSS, Bangalore

23 : Holy Eucharist at Good Shepherd Forane Church, Ripponpett

## MARCH 2019

06 : Ash Wednesday

09 : Meeting of the Diocesan Pastoral Council at Bodhana

15 : Minor Orders at Sanathana Major Seminary, Thamarassery

16 : Diaconate at Sanathana Major Seminary, Thamarassery

19 : Feast of St. Joseph

# ಧರ್ಮಪ್ರಾಂತ್ಯದ ವಾರ್ತೆಗಳು

## ಧರ್ಮಪ್ರಾಂತ್ಯ ದಿನ: 2018

ನಮ್ಮ ಧರ್ಮಪ್ರಾಂತ್ಯದ 11 ನೇ ವರ್ಷದ ವಾರ್ಷಿಕೋತ್ಸವ 2018 ಅಕ್ಟೋಬರ್ 25ಕ್ಕೆ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ಆಚರಿಸಲಾಯಿತು. ಬೆಳಗ್ಗೆ 9–30ಕ್ಕೆ ಪ್ರಾರಂಭವಾದ ದಿವ್ಯಬಲಿಪೂಜೆಯ ಆರಾಧನೆ, ನಂತರ ಅತಿ ವಂದನೀಯ ಮಾರ್ ಜೋಸೆಫ್ ಅರುಮಚಾಡತ್ ಇವರಿಂದ ನಡೆಸಲಾದ ದಿವ್ಯಬಲಿಪೂಜೆಯಲ್ಲೂ, ದೇವರು ನಮ್ಮ ಧರ್ಮಪ್ರಾಂತ್ಯದ ಮೇಲೆ ಸುರಿದ ಅನುಗ್ರಹಗಳಿಗಾಗಿ ವಂದನೆಯನ್ನು ಸಲ್ಲಿಸಲಾಯಿತು. ವಂದನೀಯ ಪಾದರ್ ಟೋಮಿ ಪಾಲಕುಡಿಯಿಲ್ ದಿವ್ಯ ಬಲಿಪೂಜೆಯ ಆರಾಧನೆಗೆ ನೇತೃತ್ವ ವಹಿಸಿದರು. ವಂದನೀಯ ವಿಗಾರ್ ಜನರಾಳ್ ಅಗಸ್ಟೀನ್ ಉರುಂಬುಕಾಟಿಲ್ ಗುರುಗಳು ದಿವ್ಯಬಲಿಪೂಜೆಯ ಮಧ್ಯದಲ್ಲಿ ಶುಭಸಂದೇಶ ಪ್ರವಚನ ನಡೆಸಿಕೊಟ್ಟರು. ಧರ್ಮಪ್ರಾಂತ್ಯದ ವಂದನೀಯ ಗುರುವೃಂದದವರು ದಿವ್ಯ ಬಲಿಪೂಜೆಯಲ್ಲಿ ಸಹ ಗುರುಗಳಾಗಿದ್ದರು.

ನಂತರ ಧರ್ಮಾಧ್ಯಕ್ಷರ ಅಧ್ಯಕ್ಷತೆಯಲ್ಲಿ ಪ್ರಾರ್ಥನೆಯೊಂದಿಗೆ ನಡೆದ ವೇದಿಕಾ ಕಾರ್ಯಕ್ರಮದಲ್ಲಿ ಧರ್ಮಪ್ರಾಂತ್ಯದ ಛಾನ್ಸಲರ್ ವಂದನೀಯ ಫ್ರಾನ್ಸೀಸ್ ಅಳ್ಳುಂಪುರಂ ಗುರುಗಳು ಎಲ್ಲರನ್ನೂ ಕಾರ್ಯಕ್ರಮಕ್ಕೆ ಸ್ವಾಗತಿಸಿದರು. ವೈವಾಹಿಕ ಜೀವನದ 50 ವರ್ಷಗಳು, ಸನ್ಯಾಸ ಸಮರ್ಪಣ ಜೀವನದ 25, 50 ವರ್ಷಗಳು ಪೂರ್ಣಗೊಳಿಸಿದವರನ್ನೂ, ಧರ್ಮೋಪದೇಶದಲ್ಲಿ, ಲೋಗೋಸ್ ರಸಪ್ರಶ್ನೆ, ಹಾಗೂ ಎಸ್.ಎಸ್.ಎಲ್.ಸಿ.ಯಲ್ಲಿ ಅತಿ ಹೆಚ್ಚು ಅಂಕಗಳನ್ನು ಪಡೆದವರನ್ನು ಧರ್ಮಾಧ್ಯಕ್ಷರು ಅಭಿನಂದಿಸಿದರು.

ಧರ್ಮಪ್ರಾಂತ್ಯ ದಿನದ ಶುಭಾಷಯಗಳನ್ನು ಕೋರಿ, ಜೂಬಿಲಿ ಆಚರಿಸುವವರನ್ನೂ ಹಾಗು ವಿವಿಧ ಯಶಸ್ಸನ್ನು ಸಾಧಿಸಿದವರನ್ನೂ ಅಭಿನಂದಿಸಿ ಐ.ಸಿ.ವೈ.ಎಂ. ಅಧ್ಯಕ್ಷ ಕ್ರಿಸ್ಟಿ, ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್ ಸದಸ್ಯೆ ಶ್ರೀಮತಿ ಲಿಸ್ಸಿ ಪೀಠರ್ ಎಂಬುವವರು ಮಾತನಾಡಿದರು. ತಮ್ಮ ಅಧ್ಯಕ್ಷೀಯ ಭಾಷಣದಲ್ಲಿ ವಂದನೀಯ ಧರ್ಮಾಧ್ಯಕ್ಷರು ನಮ್ಮ ಧರ್ಮಪ್ರಾಂತ್ಯದ ಏಳಿಗೆಗಾಗಿ ಶ್ರಮಿಸಿದ ಎಲ್ಲರನ್ನೂ ಅಭಿನಂದಿಸಿದರು. ಪಾಸ್ಟರ್ ಕೌನ್ಸಿಲ್ ಸಹ ಕಾರ್ಯದರ್ಶಿ ಶ್ರೀ ಜೋಮಿ ಮಾಥ್ಯು ಎಲ್ಲರಿಗೂ ವಂದನೆಯನ್ನು ಸಲ್ಲಿಸಿದರು. ಮಧ್ಯಾಹ್ನದ ಭೋಜನದ ನಂತರ ಎಲ್ಲರು ವಿರಮಿಸಿದರು.

## 2018ರ ಧರ್ಮಪ್ರಾಂತ್ಯ ದಿನದಲ್ಲಿ ಅಭಿನಂದಿಸಲ್ಪಟ್ಟವರು:

### GOLDEN JUBILLE OF WEDDING ANNIVERSARY

1 Mr. Chakkappan & Mrs. Mary, Chamakkala Puthussery, NRPura
2 Mr. Jose & Mrs. Kochuthressiya, Mekkattuparambil, NRPura
3 Mr. Mathew & Mrs. Mary, Perookunnel, NRPura
4 Mr. Mathai & Mrs. Elikutty, Poothakuzhiyil, Nagavally

### GOLDEN JUBILEE OF RELIGIOUS PROFESSION

1 Rev. Sr. Susanna CMC
2 Rev. Sr. Jain Mary CMC

### SILVER JUBILEE OF RELIGIOUS PROFESSION

1 Rev. Sr. Sophy Jose FCC
2 Rev. Sr. Princy Jees CMC
3 Rev. Sr. Lilly Mathew SH

### CATECHISM TOPPERS OF THE YEAR 2018

| | | |
|---|---|---|
| 1 | Joseph Cherukatt, Shimoga | Class -VII |
| 2 | Sophia Jose, Hossur | Class -X |
| 3 | Jishma CP, NRPura | Class - XII |

### SSLC EXAM TOPPER OF THE YEAR 2018

Priyanka Rose Varghese, Shimoga

### BEST SUNDAY SCHOOL OF THE YEAR 2017-18

St. Joseph's Church, Shettikoppa

### LOGOS QUIZ DIOCESAN TOPPER OF THE YEAR 2018

Mrs. Lilly Vincent, Shimoga

## ಗುರುವೃಂದದವರ ಸಮ್ಮೇಳನ:

2018 ಅಕ್ಟೋಬರ್ 23ಕ್ಕೆ ಅತಿ ವಂದನೀಯ ಧರ್ಮಾಧ್ಯಕ್ಷರ ಅಧ್ಯಕ್ಷತೆಯಲ್ಲಿ ನಡೆದ ಗುರುವೃಂದದವರ ಸಮ್ಮೇಳನ

ಫಾದರ್ ಜೋಸೆಫ್ ಪನಕಚಿರ ನಡೆಸಿಕೊಟ್ಟ ಪ್ರಾರ್ಥನೆಯೊಂದಿಗೆ ಪ್ರಾರಂಭಿಸಲಾಯಿತು. ವಿಗಾರ್ ಜನರಾಳ್ ರೆ.ಫಾ. ಅಗಸ್ಟೀನ್ ಉರುಂಬುಕಾಟಿಲ್ ಗುರುಗಳು ಎಲ್ಲರನ್ನೂ ಸಮ್ಮೇಳನಕ್ಕೆ ಸ್ವಾಗತಿಸಿದರು. ವಾರ್ಷಿಕ ಧ್ಯಾನದ ನಂತರದಲ್ಲಿ ಸೇರಿದ ಸಮ್ಮೇಳನದಲ್ಲಿ ಜಾಗೃತರಾಗಿ ಕಾರ್ಯಪ್ರವೃತ್ತರಾಗಲು ಧರ್ಮಾಧ್ಯಕ್ಷರು ಎಲ್ಲರಿಗೂ ಆಹ್ವಾನ ನೀಡಿದರು.

## ಚರ್ಚೆಗಳು, ಮಾಹಿತಿಗಳು:

1. ಹೋಂ ಮಿಷನ್ ಬಗ್ಗೆ ಚರ್ಚೆ ಮಾಡಿ, ಅವುಗಳನ್ನು ನಡೆಸಬೇಕಾದ ಧರ್ಮಕೇಂದ್ರಗಳನ್ನು ಗುರುತಿಸಲಾಯಿತು.
2. ಧರ್ಮಾಧ್ಯಕ್ಷರ ನಿರ್ದೇಶನದ ಪ್ರಕಾರ ತಿಂಗಳಿಗೊಮ್ಮೆ ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್‌ನಲ್ಲಿ ಬಂದು ಕುಟುಂಬ ಕೌನ್ಸಿಲ್ ನಡೆಸಲು ಸಿದ್ಧರಿರುವುದಾಗಿ ಫಾದರ್ ಸುಭಾಷ್‌ರವರು ತಿಳಿಸಿದರು.
3. ಧರ್ಮಕೇಂದ್ರಗಳು, ವಿವಿಧ ಸಂಸ್ಥೆಗಳು, ವಿವಿಧ ಕಮಿಷನ್‌ಗಳು ತಮ್ಮ-ತಮ್ಮ ಆಯವ್ಯಯವನ್ನು ಧರ್ಮಪ್ರಾಂತ್ಯದ ಕಛೇರಿಯಲ್ಲಿ ಸಮಯಕ್ಕೆ ಸರಿಯಾಗಿ ಸಲ್ಲಿಸಲು ತಿಳಿಸಲಾಯಿತು.
4. ಕಳೆದ ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್ ತೀರ್ಮಾನದಂತೆ ಧರ್ಮಪ್ರಾಂತ್ಯದಲ್ಲಿ ಪ್ರಾರಂಭಿಸಲಾಗುವ ಸೀರೋ ಮಲಬಾರ್ ಕ್ಯಾಥೊಲಿಕ್ ಅಸೋಸಿಯೇಷನ್‌ನಲ್ಲಿ ಎಲ್ಲಾ ಧರ್ಮಕೇಂದ್ರಗಳು ಯೂನಿಟ್‌ಗಳನ್ನು ಪ್ರಾರಂಭಿಸಿ 18 ವರ್ಷ ತುಂಬಿರುವವರು ಇದರಲ್ಲಿ ಸದಸ್ಯರಾಗಬೇಕು.
5. ದಿವ್ಯಬಲಿಪೂಜೆಯ ಲೆಕ್ಕಾಚಾರದ ಬಗ್ಗೆ ವಿಗಾರ್ ಜನರಾಳ್ ವಿವರಿಸಿದರು. ವರ್ಷದಲ್ಲಿ 10 ದಿವ್ಯಬಲಿಪೂಜೆಯನ್ನು ಧರ್ಮಕೇಂದ್ರದ ನಿಯೋಗಕ್ಕಾಗಿ ಸಮರ್ಪಿಸಲು ಮುಖ್ಯ ಗುರುಗಳಲ್ಲಿ ವಿನಂತಿಸಲಾಯಿತು.
6. ಗುರುವೃಂದದವರ ಕ್ಷೇಮ ನಿಧಿಯ ಬಗ್ಗೆ ಆಲೋಚಿಸಲಾಗಿ, ಎಲ್ಲಾ ಧರ್ಮಕೇಂದ್ರಗಳೂ ಗುರುಗಳ 1 ತಿಂಗಳ ಗೌರವಧನದ ಮೊತ್ತವನ್ನು ಈ ನಿಧಿಗೆ ನೀಡಬೇಕಾಗಿ ಸೂಚಿಸಲಾಯಿತು. ಫಾದರ್ ಅಬ್ರಹಾಂ

ಅರೀಪರಂಬಿಲ್, ಫಾದರ್ ತೋಮಸ್ ವೆಳ್ಳಾರಂಕಾಲಯಿಲ್, ಫಾದರ್ ಆಂಟಣಿ ಓಡಕ್ಕಲ್ ಎಂಬುವವರನ್ನು ಗುರುವೃಂದದವರ ಕ್ಷೇಮ ಸಮಿತಿಗೆ ಆಯ್ಕೆ ಮಾಡಲಾಯಿತು. ಫಾದರ್ ಜೋಸೆಫ್ ಪನಕಚಿರ ಇವರನ್ನು ಈ ಸಮಿತಿಯ ಕಾರ್ಯದರ್ಶಿಯನ್ನಾಗಿ ಧರ್ಮಾಧ್ಯಕ್ಷರು ನಿಯೋಜಿಸಿದರು.

7. ಧರ್ಮಪ್ರಾಂತ್ಯ ಮೊಬೈಲ್ ಆಪ್ಲಿಕೇಷನ್ ಎಲ್ಲರೂ ಡೌನ್ ಲೋಡ್ ಮಾಡಬೇಕು.
8. ಧರ್ಮಪ್ರಾಂತ್ಯ ವೆಬ್ ಸೈಟಿನ ಜವಾಬ್ಧಾರಿಯನ್ನು ಧರ್ಮಾಧ್ಯಕ್ಷರು ಫಾದರ್ ಸಜೀಷ್ ತೃಕೊಡನ್ಮಾಲಿಲ್ ಇವರಿಗೆ ವಹಿಸಿದರು.
9. ವಿವಾಹದ ನೋಂದಣಿ ಸಂಬಂಧಪಟ್ಟವರು ನೇರವಾಗಿ ನಡೆಸಲು ಪ್ರೋತ್ಸಾಹ ನೀಡಲಾಯಿತು.
10. ಫೊರೋನ ಮಟ್ಟದಲ್ಲಿ ನಡೆಸುವ ಕಾರ್ಯಕ್ರಮಗಳ ಖರ್ಚುಗಳನ್ನು ಫೊರೋನ ದೇವಾಲಯಗಳು ಮಾತ್ರ ವಹಿಸಲಾಗುವುದಿಲ್ಲ. ಸಂಬಂಧಪಟ್ಟ ಕಮಿಷನ್‌ಗಳು ಹಾಗೂ ಧರ್ಮಕೇಂದ್ರಗಳು ಸಹಕರಿಸಬೇಕು.
11. ರಸಪ್ರಶ್ನೆಯಂತಹ ಕಾರ್ಯಕ್ರಮಗಳನ್ನು ಮಲಯಾಳ ಹಾಗೂ ಕನ್ನಡ ಎರಡೂ ಭಾಷೆಗಳಲ್ಲಿ ನಡೆಸಲಾಗುವುದಿಲ್ಲ. ಯಾವುದಾದರೂ ಒಂದು ಭಾಷೆಯಲ್ಲಿ ನಡೆಸಬೇಕು.
12. ಈ ವರ್ಷ ಧರ್ಮಾಪ್ರಾಂತ್ಯಕ್ಕಾಗಿ ಗುರುದೀಕ್ಷೆ ಸ್ವೀಕರಿಸುವ ಡೀಕನ್‌ರವರು, ಆಂಡಣಿ ಕಲಯಂಕಂಡತ್ತಿಲ್, ಜೋಸೆಫ್ ಚಕ್ಕಿಟಮುರಿಯಲ್ ಎಂಬುವವರು ಎಲ್ಲರನ್ನೂ ತಮ್ಮ ಗುರುದೀಕ್ಷೆ ಕಾರ್ಯಕ್ರಮಕ್ಕೆ ಸ್ವಾಗತಿಸಿದರು.
13. ಧರ್ಮಪ್ರಾಂತ್ಯದ ಹೊಸ ವಿಳಾಸ: ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರ್, ಪೋಸ್ಟ್ ಬಾಕ್ಸ್ ನಂ:26, ಭದ್ರಾವತಿ:577301

## ಪ್ರತ್ಯೇಕ ವಸೂಲಿಗಳು:

1. ಧರ್ಮಪ್ರಾಂತ್ಯದ ವಿದ್ಯಾಭ್ಯಾಸ ನಿಧಿ: 2018 ಡಿಸೆಂಬರ್ 25
2. ಸೀರೋ ಮಲಬಾರ್ ಪ್ರೇಷಿತ ವಾರದ ವಸೂಲಿ: 2019 ಜನವರಿ 13
3. ತಿರುಬಾಲ ಸಖ್ಯ ದಿನ: 2019 ಫೆಬ್ರವರಿ 10

**ರೆ.ಫಾ. ಫ್ರಾನ್ಸಿಸ್ ಅಳ್ಳುಂಪುರಂ**
ಧರ್ಮಪ್ರಾಂತ್ಯದ ಛಾನ್ಸಲರ್.

# JUBILARIANS - 2018

## GOLDEN JUBILLE OF WEDDING ANNIVERSARY

1 Mr. Chakkappan & Mrs. Mary, Chamakkala Puthussery, NRPura
2 Mr. Jose & Mrs. Kochuthressiya, Mekkattuparambil, NRPura
3 Mr. Mathew & Mrs. Mary, Perookunnel, NR Pura
4 Mr. Mathai & Mrs. Elikutty, Poothakuzhiyil, Nagavally

## GOLDEN JUBILEE OF RELIGIOUS PROFESSION

1 Rev. Sr. Susanna CMC
2 Rev. Sr. Jain Mary CMC

## SILVER JUBILEE OF RELIGIOUS PROFESSION

1 Rev. Sr. Sophy Jose FCC
2 Rev. Sr. Princy Jees CMC
3 Rev. Sr. Lilly Mathew SH



GOLDEN JUBILEE OF WEDDING ANNIVERSARY



**GOLDEN JUBILEE OF WEDDING ANNIVERSARY**



**GOLDEN JUBILEE OF WEDDING ANNIVERSARY**



GOLDEN JUBILEE OF RELIGIOUS PROFESSION



SILVER JUBILEE OF RELIGIOUS PROFESSION